06
2025
ഫെബ്രുവരി
വ്യാഴം
മകരം 24

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.69 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-69 പേജ് 4. വില 2.00 രൂപ




02 പ്ലസ് ടു വിദ്യാർത്ഥിയ്ക്ക് ഉയർന്ന ബിപി; ജീവൻ രക്ഷിച്ച് ആരോഗ്യ പ്രവർത്തകർ

03 അനധികൃത കുടിയേറ്റക്കാരുമായുള്ള അമേരിക്കൻ വിമാനം ഇന്ത്യയിലെത്തി

04 കെഎസ്ആർടിസി ഡ്രൈവിംഗ് സ്കൂൾ പദ്ധതി ലാഭത്തിൽ: മന്ത്രി

## വിഴിഞ്ഞം തുറമുഖം

# കരമാർഗ്ഗമുള്ള കണ്ടെയ്നർ നീക്കശ്രമവുമായി അധികൃതർ

വിഴിഞ്ഞം: കടൽ മാർഗ്ഗം കണ്ടെയ്നറുകൾ അനായാസേന നീക്കാൻ ഇപ്പോൾ യാതൊരു പ്രയാസവുമില്ല. മാത്രമല്ല, കണ്ടെയ്നറുകൾ ധാരാളം കെട്ടിക്കിടക്കുന്നതുകൊണ്ട് അവ യഥാസ്ഥാനത്തേക്ക് മാറ്റേണ്ടും അത്യാവശ്യമാണ്. അതിനായി കരമാർഗമുള്ള ചരക്ക് ഗതാഗതത്തിനു ലഷ്യംവച്ചുള്ള താല്കാലിക റോഡുപണിയാണ് ഇപ്പോൾ തുടരുന്നത്. തുറമുഖ കവാടം മുതൽ ബൈപ്പാസു വരെ നീളുന്ന പ്രധാനറോഡ് ഒൻപത് വർഷം കഴിഞ്ഞും പൂർത്തിയാകാത്ത സാഹചര്യത്തിൽ കണ്ടെയ്നറുകൾക്ക് ബൈപ്പാസിൽ പ്രവേശിക്കാനാണ് താൽക്കാലിക റോഡ്. ഇക്കഴിഞ്ഞ ജനുവരിയിൽ മാത്രം എത്തിയ 45 കപ്പലുകളിലായി 85,000 കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു ചരിത്രംസൃഷ്ടിച്ചു. കടൽ മാർഗമുള്ള ഗതാഗതത്തിനു ശക്തി വർധിച്ചതോടെ കരമാർഗമുള്ള കണ്ടെയ്നർ നീക്കത്തിനും അധികൃതർ ശ്രമം തുടങ്ങി. ഇതിനായുള്ള താല്കാലിക റോഡ് നിർമാണവും മുല്ലൂരിൽ പുരോഗമിക്കുന്നു.



ഇതിനായി കണ്ടെയ്നറുകളുമായി സർവീസ് റോഡു വഴി ബൈപ്പാസിൽ പ്രവേശിക്കുന്ന തലക്കോട് ഭാഗത്തിന്റെ വീതി വർധിപ്പിക്കും. ഇവിടെ ബൈപ്പാസ് റോഡ് വൺ വേ യാണെങ്കിലും തിരുവനന്തപുരത്തേക്കും നാഗർകോവിലിലേക്കും പോകേണ്ട വാഹനങ്ങൾക്കായി മധ്യഭാഗത്തെ തടസവും അധികൃതർ നീക്കും. എന്നാൽ നിലവിൽ തന്നെ ഏറെ വാഹനത്തിരക്കുള്ള ബൈപ്പാസ് വഴി മാത്രമുള്ള ചരക്ക് ഗതാഗതവും അത്ര സുഗകരമാകില്ലെന്നാണ് വിലയിരുത്തൽ.

കന്യാകുമാരി വരെ നീളുന്ന ബൈപ്പാസ് കേരള അതിർത്തിയായ കാരോടു വരെയാണ് പൂർത്തിയായത്. കാരോട് ചെങ്കവിളയിൽ എത്തുന്ന കണ്ടെയ്നർ ലോറികൾക്ക് അവിടെനിന്നു ചെറുവാരക്കോണം വഴികളിയിക്കാവിള ദേശീയ പാതയിലൂടെ മാത്രമേ തമിഴ്നാട്ടിൽ പ്രവേശിക്കാൻ കഴിയൂ.

കൂടാതെ വിഴിഞ്ഞം മുതൽ കാരോട് വരെയുള്ള ദൂരത്തിനിടയിൽ കണ്ടെയ്നറുകൾക്ക് തടസമില്ലാതെ കടന്നുപോകാനുള്ള സർവീസ് റോഡില്ലാത്തത് കേരളത്തിന് വലിയ തിരിച്ചടിയായേക്കും. വിഴിഞ്ഞം മുക്കോലയിൽ നിന്ന് കോവളം കഴിഞ്ഞാൽ വിവിധയിടങ്ങളിൽ നിന്ന് ബൈപ്പാസിൽ പ്രവേശിക്കുന്ന മറ്റു വാഹനങ്ങൾക്കിടയിലൂടെയുള്ള കണ്ടെയ്നറുകളുടെ കടന്നു പോക്ക് അപകടങ്ങൾക്കും കാരണമാകുമെന്നും വിലയിരുത്തലുണ്ട്. ഇതിനെല്ലാം പരിഹാരമാകേണ്ട അടിസ്ഥാന വികസനങ്ങൾ ഒന്നും ഫലം കണ്ടതുമില്ല.

തുറമുഖത്തു നിന്നുള്ള കര മാർഗമുള്ള കണ്ടെയ്നർ നീക്കം കാര്യക്ഷമമാകണമെങ്കിൽ ഇവയുടെ നിർമാണത്തിന് സർക്കാർ അടിയന്തിര ഇടപെടൽ നടത്തണം. ഇതിനുപരി തുറമുഖത്തിനുള്ളിൽനിന്ന് കസ്റ്റംസ് ക്ലിയറൻസ് ഉൾപ്പൊടെയുള്ള നടപടികൾ പൂർത്തിയാക്കി കണ്ടെയ്നറുകൾക്കു പുറത്തുപോകാൻ മാത്രമേ അധികൃതരുടെ നിലവിലുള്ള തീരുമാനത്തിനാകൂ.

കടൽ വഴിയുള്ള ചരക്ക് ഗതാഗതത്തിൽ വൻ കുതിപ്പുമായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. പുതിയ സമുദ്ര വാണിജ്യ തുറമുഖ കവാടമായി മാറുന്ന വിഴിഞ്ഞത്ത് ആറു മാസത്തിനിടയിൽ കഴിഞ്ഞ ദിവസംവരെ മൂന്നുലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്തു. ട്രയൽ റൺ തുടങ്ങിയ ശേഷം ലോകത്തിലെ ഏറ്റവും വലിയ അഞ്ച് കപ്പലുകൾ ഉൾപ്പെടെ 150 കണ്ടെയ്നർ കപ്പലുകൾ ചരക്കുകളുമായി തുറമുഖത്ത് വന്നു മടങ്ങി.

## എൻജിൻ തകരാറിലായി കടലിൽ കുടുങ്ങിയ അഞ്ച് മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തി

വിഴിഞ്ഞം:. കൊല്ലത്ത് നിന്ന് മീൻ പിടിക്കാനെത്തി എൻജിൻ തകരാറിലായി കടലിൽ കുടുങ്ങിയ വള്ളത്തിലെ അഞ്ച് മത്സ്യത്തൊഴിലാളികളെ വിഴിഞ്ഞം മറൈൻ എൻഫോഴ്സ്മെന്റ് രക്ഷ പ്പെടുത്തി. ഇന്നലെ വൈകുന്നേരം അഞ്ചോടെ വിഴിഞ്ഞം ഹാർബറിൽ നിന്നും മൂന്ന് നോട്ടിക്കൽ മൈൽ അകലെ കൊല്ലം സ്വദേശി അനിൽ ജോണി ന്റെ ഉടമസ്ഥയിലുള്ള ജീസസ് എന്ന ബോട്ടാണ് എൻജിൻ തകരാറിലായി കടലിൽ കുടുങ്ങിയത്.



മത്സ്യത്തൊഴിലാളികൾ അറിയിച്ചതിൻെ അടിസ്ഥാനത്തിൽ വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറുടെ നിർദേശപ്രകാരം വിഴിഞ്ഞത്തുനിന്നും മറൈൻ ആംബുലൻസിൽ മറൈൻ എന്ഫോഴ്സ്മെന്റ് എസ്. ഐ. ദീപുവിന്റെ നേതൃത്വത്തിൽ, സിവിൽ പൊലീസ് ഓഫിസർ വിനിൽ വി എൽ ലൈഫ് ഗാർഡു മാരായ ബനാൻഷ്യസ്, സെൽവരാജ് എന്നിവർ രക്ഷാപ്രവർത്തനം നടത്തി തകരാറിലായ ബോട്ടിനെയും അതിലുണ്ടായിരുന്ന അഞ്ച് മത്സ്യത്തൊഴിലാളികളെയും സുരക്ഷിതമായി വിഴിഞ്ഞം ഹാർബറിൽ എത്തിച്ചു.മറൈൻ ആംബുലൻസ് ക്യാപ്റ്റൻ വാൽത്തൂസ് ശബരിയാർ, ചീഫ് എൻജിനീയർ അരവിന്ദൻ, ക്രൂമാരായ അഭിരാം, അഭിമന്യൂ, നേഴ്സ് ശ്യാം എന്നിവരും രക്ഷപ്രവർത്തന സംഘത്തിൽ ഉണ്ടായിരുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് മറൈൻ റേഡിയോ വിതരണം പൂർത്തിയാക്കണം: മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം: കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ ആശയ വിനിമയത്തിനായി ഉപയോഗിക്കുന്ന വിഎച്ച്എഫ് മറൈൻ റേഡിയോയുടെ വിതരണം കാലതാമസം കൂടാതെ പൂർത്തിയാക്കണമെന്നു മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്. 2020 ൽ 6,253 രൂപ അടച്ചെങ്കിലും വയർലെസ് ലഭിച്ചില്ലെന്ന പരാതിയിലാണ് നടപടി.

ജില്ലയിൽ 432 ഗുണഭോക്താക്കൾ പണം അടച്ചെന്നും 245 എണ്ണം വിതരണം ചെയ്തിട്ടുണ്ടെന്നും ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു. ബാക്കിയുള്ളവ ഉടൻ നൽകുമെന്നും റിപ്പോർട്ടിൽ പറയുന്നു. അസോസിയേഷൻ ഓഫ് ആർട്ടിസനൽ ഫിഷേഴ്സ് പ്രസിഡൻറ് ഷിബു സമർപ്പിച്ച പരാതിയിലാണ് നടപടി. ഫിഷറീസ് ഡയറക്ടർക്കാണ് കമ്മീഷൻ നിർദേശം നൽകിയത്.

## ഡൽഹിയിൽ എക്സിറ്റ് പോൾ ഫലങ്ങളിൽ ബിജെപി

ന്യൂഡൽഹി: ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിന്റെ എക്സിറ്റ് പോൾ ഫലങ്ങളിൽ ബിജെപിക്ക് മുൻ തൂക്കം. ചാണക്യയുടെ എക്സിറ്റ് പോളിൽ ബിജെപിക്ക് 39 മുതൽ 44 വരെ സീറ്റുകൾ ലഭിക്കുമെന്ന് പ്രവചിക്കുന്നു. ആംആദ്മിക്ക് 25 മുതൽ 28 വരെയും കോൺഗ്രസിന് രണ്ടു മുതൽ മൂന്ന് സീറ്റ് വരെയും ലഭിക്കുമെന്നും പ്രവചിക്കുന്നു. പീപ്പിൾസ് എന്ന ഏജൻസി ബിജെപിക്ക് 51 മുതൽ 60 വരെ സീറ്റുകൾ ലഭിക്കുമെന്ന് പറയുന്നു. ആംആദ്മി പാർട്ടിക്ക് 10 മുതൽ 19 വരെയും കോൺഗ്രസിന് സീറ്റ് ലഭിക്കില്ലെന്നും പ്രവചിക്കുന്നു. മാട്രിസെയുടെ പ്രവചനത്തിലും ബിജെപിക്കാണ് മുൻതൂക്കം. ബിജെപി 35 മുതൽ 40 വരെ സീറ്റ് ലഭിക്കുമെന്നാണ് മാട്രിസെയുടെ പ്രവചനം. ആംആദ്മി 32 മുതൽ 37 സീറ്റുവരെ നേടും. കോൺഗ്രസിന് ലഭിക്കുന്നതാകട്ടെ ഒരു സീറ്റും. പി മാർക് സർവേ പ്രകാരം ബിജെപിക്ക് 40 സീറ്റും ആംആദ്മിക്ക് 30 സീറ്റും ലഭിക്കും.

ജെവിസി ബിജെപിക്ക് വൻമുന്നേറ്റമാണ് പ്രവചിക്കുന്നത്.

# ഡൽഹി വിധിയെഴുതി; പോളിംഗ് 60 ശതമാനം

ന്യൂഡൽഹി: നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന ഡൽഹിയിൽ പോളിംഗ് അവസാനിച്ചു. വൈകുന്നേരം ആറുവരെ 60 ശതമാനം പോളിംഗ് രേഖപ്പെടുത്തി. 70 മണ്ഡലങ്ങളിലായി 699 സ്ഥാനാർഥികളാണ് മത്സരരംഗത്തുള്ളത്. ശനിയാഴ്ച ഫലമറിയാം.

നഗരപ്രദേശങ്ങളിൽ പോളിംഗ് മന്ദഗതിയിലായപ്പോൾ ന്യൂനപക്ഷ മേഖലകളിൽ കനത്ത പോളിംഗ് രേഖപ്പെടുത്തി. സീതംപൂരിൽ കള്ളവോട്ട് നടന്നുവെന്ന് ആരോപിച്ച് ആം ആദ്മി പാർട്ടി ബിജെപി പ്രവർത്തകർ ഏറ്റുമുട്ടി.

ബിജെപി പ്രവർത്തകർ കള്ളവോട്ട് ചെയ്തെന്നാരോപിച്ച് മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയും പോലീസും തമ്മിൽ വാക്കേറ്റവുമുണ്ടായി. ചുംബന ആംഗ്യം കാണിച്ചുവെന്ന വനിതാ വോട്ടറുടെ പരാതിയിൽ ആപ് എംഎൽഎ ദിനേഷ് മോഹാനിയക്കെതിരെ പോലീസ് കേസെടുത്തു,

രാഷ്ട്രപതി ദ്രൗപദി മുർമ്മു, സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി, മുഖ്യമന്ത്രി അതിഷി തുടങ്ങിയവർ വിവിധ ബൂത്തുകളിൽ വോട്ട് ചെയ്തു. ആംആദ്മി, ബിജെപി, കോൺഗ്രസ് പാർട്ടികൾ നേരിട്ട് ഏറ്റുമുട്ടുന്നതിനാൽ ശക്തമായ ത്രികോണ മത്സരമാണ് ഡൽഹിയിൽ നടക്കുന്നത്.

ആംആദ്മി പാർട്ടി നേതാവും മുൻ മുഖ്യമന്ത്രിയുമായ അരവിന്ദ് കേജരിവാൾ ന്യൂഡൽഹി മണ്ഡലത്തിൽ നിന്നാണ് ജനവിധി തേടുന്നത്. നിലവിലെ മുഖ്യമന്ത്രി അതിഷി മർലേന കൽക്കാജി മണ്ഡലത്തിൽ നിന്നാണ് മത്സരിക്കുന്നത്.

2020 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ഡൽഹിയിൽ 62 ശതമാനം പോളിംഗാണ് രേഖപ്പെടുത്തിയത്.

## കിണർ ഇടിഞ്ഞു വീണു; തൊഴിലാളിക്ക് ദാരുണാന്ത്യം

കോട്ടയം: നിർമാണത്തിലിരുന്ന കിണറ്റിലേക്ക് മണ്ണിടിഞ്ഞുവീണ് തൊഴിലാളിക്ക് ദാരുണാന്ത്യം. കോട്ടയം മീനച്ചിലുണ്ടായ അപകടത്തിൽ തമിഴ്നാട് കമ്പം സ്വദേശി രാമൻ (48) ആണ് മരിച്ചത്. പഞ്ചായത്ത് കുടിവെള്ള പദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന കിണറാണ് ഇടിഞ്ഞു വീണത്. മണ്ണ് ഇടിഞ്ഞു വീണതിനെ തുടർന്ന് കിണറ്റിനുള്ളിൽ കുടുങ്ങിയ രാമനെ ആറു മണിക്കൂർ നീണ്ട തെരച്ചിലിനൊടുവിലാണ് കണ്ടെത്തിയത്.

ഉടൻ തന്നെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു.





# അവാർഡുകൾ വിതരണം ചെയ്തു

2024 അധ്യയന വർഷത്തെ എസ് എസ് എൽ സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കേരള ആധാരമെഴുത്ത് പകർപ്പെഴുത്ത്, സ്റ്റാമ്പ് വെണ്ടർ ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ക്ഷേമനിധി ബോർഡിന്റെ വിദ്യാഭ്യാസ അവാർഡ് വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു പുരാരേക വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നർവഹിച്ചു. തൈക്കാട് ഭാരത് ഭവൻ ഹാളിൽ നടന്ന ചടങ്ങിൽ വിദ്യാർഥികൾക്ക് മന്ത്രി ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ശ്രീധന്യ സുരേഷ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ജോയിന്റ് ഐ.ജി സാജൻകുമാർ പി കെ സ്വാഗതവും തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ) പി പി നൈനാൻ കൃതജ്ഞതയും രേഖപ്പെടുത്തി. ട്രഷറി വകുപ്പ് ഡയറക്ടർ വി സാജൻ, തൈക്കാട് വാർഡ് കൗൺസിലർ ജി മാധവദാസ്, സംഘടനാ പ്രതിനിധികളായ അഡ്വ. ബി സത്യൻ, എ അൻസാർ, കെ കെ ദേവസ്യ, കിളിയല്ലൂർ മണി, ഔദ്യോഗിക അംഗങ്ങളായ എൻ കെ ചന്ദ്ര, കെ ബി ബീന, ക്ഷേമനിധി ബോർഡ് മെമ്പർമാരായ കെ ബാഹുലേയൻ നായർ, വി വി ശശിമോൻ, എം വി രമേശ്, ടി കെ ഉമൈസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# പ്ലസ് ടു വിദ്യാർത്ഥിയ്ക്ക് ഉയർന്ന ബിപി; ജീവൻ രക്ഷിച്ച് ആരോഗ്യ പ്രവർത്തകർ

## 50 ലക്ഷത്തിലധികം സ്കൂൾ വിദ്യാർത്ഥികൾക്ക് ആരോഗ്യ പരിശോധന നടത്തി

ഉയർന്ന രക്തസമ്മർദം ഉണ്ടായിരുന്ന പ്ലസ് ടു വിദ്യാർത്ഥിയെ രക്ഷിച്ചെടുത്ത് വയനാട് നൂൽപുഴ കുടുംബോരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകർ. സ്കൂൾ ഹെൽത്ത് പരിപാടിയുടെ ഭാഗമായി നടത്തിയ ആരോഗ്യ പരിശോധനയിലാണ് ഉയർന്ന ബിപി കണ്ടെത്തിയത്. കുട്ടിയുടെ ജീവന് തന്നെ ഭീഷണിയായി അതീവ ഗുരുതരമായ അവസ്ഥയിലേക്ക് പോകുമായിരുന്ന സാഹചര്യത്തെ തക്ക സമയത്ത് കണ്ടെത്തി ശരിയായ രീതിയിൽ ഇടപെട്ട് ചികിത്സ ഉറപ്പാക്കി. മാതൃകാപരമായ പ്രവർത്തനം നടത്തിയ മുഴുവൻ ആരോഗ്യ പ്രവർത്തകരേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

സ്കൂൾ ഹെൽത്ത് പരിപാടിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ ആരോഗ്യസ്ഥിതി പരിശോധിക്കുന്നതിനിടയിലാണ് നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിലെ ആർബിഎസ്കെ നഴ്സുമാരായ റീത്ത, ടിന്റു കുര്യക്കോസ് എന്നിവർ അസാധാരണമായി ഉയർന്ന ബിപിയുള്ള കൗമാരക്കാരനെ കണ്ടെത്തിയത്. സംശയം തോന്നിയ അവർ മറ്റൊരു ബിപി അപാരറ്റസിൽ പരിശോധിച്ചപ്പോഴും റീഡിങ് ഒന്ന് തന്നെയായിരുന്നു. കുട്ടിയ്ക്ക് അടിയന്തര വൈദ്യപരിചരണം ആവശ്യമുണ്ടെന്ന് തിരിച്ചറിഞ്ഞ അവർ അധ്യാപകരേയും രക്ഷിതാക്കളേയും വിവരം അറിയിച്ച് സാഹചര്യത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തി.

വിദഗ്ധ പരിശോധനയിൽ കുട്ടിക്ക് ശരീരത്തിലെ പ്രധാന രക്തധമനിയായ അയോർട്ട ചുരുങ്ങുന്ന അവസ്ഥയാണെന്ന് കണ്ടെത്തുകയും ഹൃദ്രോഗ ചികിത്സ ആരംഭിക്കുകയും ചെയ്തു. തുടർന്ന് ബലൂൺ സർജറി നടത്തി. തക്ക സമയത്ത് കുട്ടിയ്ക്ക് വിദഗ്ധ ചികിത്സ നൽകാനായതിനാലാണ് അപകടാവസ്ഥ തരണം ചെയ്യാൻ കഴിഞ്ഞതെന്ന് ഡോക്ടർ അറിയിച്ചു.

രക്താതിമർദം മുപ്പത് വയസ് കഴിഞ്ഞവരിലാണ് സാധാരണ കാണാറുള്ളത്. പ്ലസ് ടു വിദ്യാർത്ഥിയായ ഒരു കൗമാരക്കാരനിൽ ഉയർന്ന രക്തസമ്മർദം കണ്ടെത്തുക എന്നത് തികച്ചും അസാധാരണവും അടിയന്തര ആരോഗ്യ പരിശോധനയും പരിചരണവും ആവശ്യവുമായ സന്ദർഭമാണ്.നിശബ്ദനായ കൊലയാളിയാണ് രക്താതിമർദ്ദം അഥവാ ഹൈപ്പർടെൻഷൻ. പലപ്പോഴും രോഗ ലക്ഷണങ്ങൾ പ്രകടിപ്പിക്കാത്ത രോഗം കൂടിയാണ് രക്താതിമർദ്ദം. പ്രത്യേകിച്ചും കുട്ടികളിലും യുവതീ യുവാക്കളിലും ലക്ഷണങ്ങൾ പ്രകടമാകാൻ സമയമെടുത്തേക്കാം. ഇടയ്ക്കിടെയുള്ള പരിശോധനകളാണ് ഈ അവസ്ഥയെ കണ്ടെത്താനുള്ള പ്രതിവിധി.ആരോഗ്യ വകുപ്പ് വിദ്യാലയങ്ങളിലൂടെ നടപ്പിലാക്കി വരുന്ന സ്കൂൾ ഹെൽത്ത് പരിപാടിയിലൂടെ ഇതുവരെ 50 ലക്ഷത്തിലധികം വിദ്യാർത്ഥികളെയാണ് പരിശോധിച്ചിട്ടുള്ളത്. കുട്ടികളുടെയും കൗമാരക്കാരുടെയും ശാരീരിക മാനസിക ആരോഗ്യത്തെ നിരന്തരം നിരീക്ഷിച്ചും പരിശോധിച്ചും സുസ്ഥിതിയിൽ നിലനിർത്തുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ളതാണ് ഈ പദ്ധതി. സ്കൂൾ ഹെൽത്ത് പരിശോധനകളിലൂടെ രോഗസാധ്യതയുള്ള നിരവധി വിദ്യാർത്ഥികളെ കണ്ടെത്തി തുടർ പരിശോധനയും ചികിത്സയും ഉറപ്പാക്കി വരുന്നു.

# സീനിയർ റസിഡന്റ് അഭിമുഖം

തിരുവനന്തപുരം സർക്കാർ മെഡിക്കൽ റേഡിയോ ഡയഗ്നോസിസ് മെഡിസിൻ വിഭാഗത്തിൽ സീനിയർ റസിഡന്റ് തസ്തികയിലെ നിയമനത്തിന് ഫെബ്രുവരി 19 ന് അഭിമുഖം നടക്കും. റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലുള്ള പി ജിയും റ്റി.സി.എം.സി രജിസ്ട്രേഷനും ഉണ്ടായിരിക്കണം. താല്പര്യമുള്ളവർ ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ബയോഡാറ്റ എന്നിവ സഹിതം രാവിലെ 11 മണിക്ക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം. ഫോൺ : 0471 2528855, 2528055.



അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ പാസിംഗ് ഔട്ട പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിക്കുന്നു.

# സൗജന്യ പരിശീലനം

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്ക് മൂന്നു മാസം ദൈർഘ്യമുള്ള ഡാറ്റാ എൻട്രി, ഡി.റ്റി.പി. കമ്പ്യൂട്ടർ കോഴ്സുകളുടെ സൗജന്യ പരിശീലനം ഫെബ്രുവരി 17ന് രാവിലെ 10 മണിയ്ക്ക് ആരംഭിക്കും. 18 നും 25 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. പത്താം ക്ലാസാണ് അടിസ്ഥാന യോഗ്യത. ഡി.റ്റി.പി.കോഴ്സിന് ഡാറ്റാ എൻട്രിയോ, ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് ലോവറോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം.

പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പന്റ് ലഭിക്കും. ക്ലാസ്സിൽ ചേരാൻ താൽപര്യമുള്ളവർ ജാതി, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഫെബ്രുവരി 14ന് വൈകുന്നേരം 4.30ന് മുൻപ് സെന്ററിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം. അപേക്ഷാ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിൽ ലഭിക്കും.

# വിമൻസ് കോളേജിൽ ഇൻസ്ട്രുമെന്റേഷൻ റിസർച്ച് ലാബ് : മന്ത്രി ബിന്ദു ഉദ്ഘാടനം ചെയ്യും

കേരള നെറ്റ് വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷന്റെ സെൻട്രലൈസ്ഡ് ഇൻസ്ട്രുമെന്റേഷൻ ആന്റ് റിസർച്ച് ലാബ് വിമൻസ് കോളേജിൽ ഫെബ്രുവരി 6 ന് ഉദ്ഘാടനം ചെയ്യും. കേരളത്തിലെ ഏഴ് ലാബുകളിൽ ആദ്യത്തേതാണ് വിമൻസ് കോളേജിൽ പ്രവർത്തനം ആരംഭിക്കുന്നത്. കേരളം ജ്ഞാന സമ്പദ്-വ്യവസ്ഥയിലേയ്ക്ക് കടക്കുന്നതിന്റെ സുപ്രധാനഘട്ടമാണ് റിസർച്ച് ലാബുകൾ ആരംഭിക്കുന്നതോടെ തുടക്കം കുറിക്കുക. ഉച്ചയ്ക്ക് രണ്ടരയ്ക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു ലാബിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. ആന്റണി രാജു എംഎൽഎ അധ്യക്ഷത വഹിക്കും. യോഗത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ മേയർ ആര്യ രാജേന്ദ്രൻ, കേരള ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ, ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി. ഇഷിത റോയ് ഐഎഎസ്, കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് മെമ്പർ പ്രൊഫ. ജിജു പി. അലക്സ്, വിമൻസ് കോളേജ് പ്രിൻസിപ്പാൾ അനില ജെ എസ്, ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ് എന്നിവർ പങ്കെടുക്കും. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സുധീർ കെ ഐഎഎസ് സ്വാഗതം ആശംസിക്കും.

# അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

തിരുവനന്തപുരം ബാർട്ടൺ ഹിൽ സർക്കാർ എൻജിനിയറിങ് കോളേജിൽ മെക്കാനിക്കൽ എൻജിനിയറിങ് വിഭാഗത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ഗസ്റ്റ് അധ്യാപകരുടെ (അസിസ്റ്റന്റ് പ്രൊഫസറുടെ) ഒഴിവുകൾ നിലവിലുണ്ട്.

മെക്കാനിക്കൽ എൻജിനിയറിങ് വിഭാഗത്തിൽ ബി.ഇ/ ബി.ടെക് ബിരുദവും എം.ഇ/ എം.ടെക് ബിരുദവും ഇവയിൽ ഏതെങ്കിലും ഒന്നിൽ ഒന്നാം ക്ലാസ് യോഗ്യതയുമുള്ളവർ പേര്, മേൽവിലാസം, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി എഴുത്ത് പരീക്ഷയ്ക്കും അഭിമുഖത്തിനും ഫെബ്രുവരി 10ന് രാവിലെ 10 മണിക്ക് കോളേജിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: വധ്ധ:// www.gecbh.ac.in, ഫോൺ: 0471 2300484.

# മെഡിക്കൽ/ എൻജിനിയറിങ് പ്രവേശന പരിശീലന ധനസഹായം: ഗുണഭോക്താക്കളുടെ കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചു

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ ഒ.ബി.സി വിഭാഗങ്ങൾക്ക് വിവിധ മത്സര പരീക്ഷാ പരിശീലനങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയുടെ ഭാഗമായി മെഡിക്കൽ/ എൻജിനിയറിങ് വിഭാഗം ഗുണഭോക്താക്കളുടെ 2024-25 വർഷത്തെ കരട് മുൻഗണനാ പട്ടിക www.bcdd.kerala.gov.in, www.egrantz.kerala.gov.in വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരങ്ങൾക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളിൽ ബന്ധപ്പെടണം.

# അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളജിലെ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെല്ലിന്റെ കീഴിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ടാലി, ഓട്ടോ കാഡ് (2ഡി, 3ഡി), പൈത്തൺ പ്രോഗ്രാമിങ്, അപ്പാരൽ ഡിസൈനിങ്, ബ്യൂട്ടീഷ്യൻ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ആൺകുട്ടികൾക്കും അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 0471 2490670.

# അഭിമുഖം 17 ന്

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വിജ്ഞാപനം ചെയ്ത ഗുരുവായൂർ ദേവസ്വത്തിലെ ക്ഷേത്രം കുക്ക് (കാറ്റഗറി നം. 13/2023), ഇടുതുടി പ്ലെയർ (കാറ്റ. നം. 25/2023) എന്നീ തസ്തികകളിലേക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാർഥികൾ ഹാജരാക്കിയ വിജ്ഞാപനപ്രകാരമുള്ള യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ സൂക്ഷ്മ പരിശോധന നടത്തി സ്വീകാര്യമായ അപേക്ഷകൾ സമർപ്പിച്ച ഉദ്യോഗാർഥികൾക്കായുള്ള അഭിമുഖ പരീക്ഷ ഫെബ്രുവരി 17 ന് തിരുവനന്തപുരത്തുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ രാവിലെ 10 മണി മുതൽ നടക്കും. അഭിമുഖ പരീക്ഷയുമായി ബന്ധപ്പെട്ട് സ്ഥലം, തീയതി, സമയം ഉദ്യോഗാർഥികളുടെ രജിസ്റ്റർ നമ്പർ എന്നിവ ഉൾപ്പെടുത്തിയ ഷെഡ്യൂൾ ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ഹാജരാകുന്ന ഉദ്യോഗാർഥികളുടെ ഇന്റർവ്യൂ മെമ്മോ ഉദ്യോഗാർഥികളുടെ ദേവജാലിക പ്രൊഫൈലിൽ 'ഡൗൺലോഡ്' ലിങ്കിൽ നിന്നും ലഭ്യമാകും. ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ അസലും കോപ്പിയും, ഇന്റർവ്യൂ മെമ്മോയും സഹിതം നിശ്ചയിക്കപ്പെട്ട സമയത്ത് അഭിമുഖ പരീക്ഷയ്ക്കായി നേരിട്ട് ഹാജരാകേണ്ടതാണ്. പ്രാക്ടിക്കൽ ടെസ്റ്റ് കം ഇന്റർവ്യൂവിന് ഹാജരാകുന്ന ഉദ്യോഗാർഥികൾ വാദ്യോപകരണത്തിലുള്ള പ്രാവീണ്യം തെളിയിക്കുന്നതിന് ബന്ധപ്പെട്ട വാദ്യോപകരണം കൊണ്ടുവരേണ്ടതാണ്. അറിയിപ്പ് ഉദ്യോഗാർഥികളുടെ ദേവജാലിക പ്രൊഫൈലിൽ നൽകിയിട്ടുള്ള രജിസ്റ്റേർഡ് മൊബൈൽ നമ്പരിലേക്ക് എസ്.എം.എസ് മുഖേനയും അയക്കും. ഫെബ്രുവരി 13 വരെ എസ്.എം.എസ് അറിയിപ്പ് ലഭിക്കാത്ത ഉദ്യോഗാർഥികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുമായി ബന്ധപ്പെടണം.

# വാക്ക്-ഇൻ ഇന്റർവ്യൂ

എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസിനു കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ഡോക്ടർമാരെ അഡ്ഹോക് അടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നതിനായി ഫെബ്രുവരി 7ന് രാവിലെ 11 മണിക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0484 2360802.




ക്രിസ്തുമസ്-പുതുവത്സര ബമ്പർ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പും സമ്മർ ബമ്പർ ഭാഗ്യക്കുറിയുടെ പ്രകാശനവും ഗോർഖി ഭവനിൽ ധനമന്ത്രി കെ എൻ ബാലഗോപാൽ നിർവഹിക്കുന്നു

# ക്രിസ്തുമസ് – നവവത്സര ബമ്പർ ഒന്നാം സമ്മാനം XD 387132ന്

## പുതിയ സമ്മർ ബമ്പർ ധനമന്ത്രി പ്രകാശനം ചെയ്തു

സംസ്ഥാന ഭാഗ്യക്കുറിയുടെ ക്രിസ്തുമസ് - നവവത്സര ബമ്പർ (ആഞ 101) ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനമായ 20 കോടി രൂപ തഉ387132 നമ്പർ ടിക്കറ്റിന് ലഭിച്ചു. തിരുവനന്തപുരത്ത് ധനകാര്യ വകുപ്പു മന്ത്രി കെ എൻ ബാലഗോപാലാണ് നറുക്കെടുത്തത്. കണ്ണൂർ ജില്ലയിലെ ഏജൻസി (ഇ 3789) വിറ്റ ടിക്കറ്റിനാണ് ഇത്തവണ ബമ്പർ സമ്മാനം ലഭിച്ചിരിക്കുന്നത്. രണ്ടാം സമ്മാനമായി 20 പേർക്ക് ഓരോ കോടി രൂപ വീതവും ലഭിക്കും.

നാടിന്റെ പുരോഗതിയ്ക്ക് സംസ്ഥാന ഭാഗ്യക്കുറി നൽകുന്നത് വലിയ സംഭാവനയാണന്ന് പുതിയ സമ്മർ ബമ്പർ ഭാഗ്യക്കുറി പ്രകാശനം ചെയ്തു കൊണ്ട് ധനമന്ത്രി പറഞ്ഞു. കേരള ഭാഗ്യക്കുറി അയൽ സംസ്ഥാനക്കാർക്കൊക്കെ ഒരു അത്ഭുതമാണന്നും ഇത്രത്തോളം ആധികാരികതയോടെ എങ്ങനെ ലോട്ടറി നടത്താൻ കഴിയുന്നു എന്നവർ അന്വേഷിക്കാറുണ്ടന്നും മന്ത്രി കൂട്ടിച്ചേർത്തു. സമ്മാനങ്ങൾ കൃത്യമായി യഥാസമയം വിതരണം ചെയ്യുന്നതും പ്രവർത്തനത്തിലെ സുതാര്യതയുമാണ് കേരള ഭാഗ്യക്കുറിയുടെ വിജയത്തിന് പിന്നിലെന്നും മന്ത്രി പറഞ്ഞു.

ആകെ 50 ലക്ഷം ടിക്കറ്റുകൾ വില്പനയ്ക്ക് എത്തിച്ചതിൽ 47,65,650 ടിക്കറ്റുകളും വിറ്റു പോയി. കഴിഞ്ഞ വർഷത്തെ ക്രിസ്തുമസ് ബമ്പറിനെ അപേക്ഷിച്ച് 2,58,840 ടിക്കറ്റുകൾ ഇത്തവണ അധികമായി വിറ്റഴിച്ചു. ഒന്നാം സമ്മാനർഹമായ ടിക്കറ്റു വിറ്റ ഏജന്റ് ഉൾപ്പെടെ 22 ഭാഗ്യവാൻമാരെയാണ് ഇത്തവണത്തെ ക്രിസ്തുമസ് ബമ്പർ ഭാഗ്യക്കുറി സൃഷ്ടിക്കുന്നത്.

എം എൽ എ മാരായ ആന്റണി രാജു, വി കെ പ്രശാന്ത്, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ എബ്രഹാം റെൻ, ഭാഗ്യക്കുറി വകുപ്പിലെ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.




അനധികൃത കുടിയേറ്റക്കാരെ ഇന്ത്യയിലെത്തിച്ച കൂറ്റൻ വിമാനം

# അനധികൃത കുടിയേറ്റക്കാരുമായുള്ള അമേരിക്കൻ വിമാനം ഇന്ത്യയിലെത്തി

അമൃതസർ: അനധികൃത കുടിയേറ്റക്കാരുമായുള്ള അമേരിക്കൻ സൈനികവിമാനം ഇന്ത്യയിലെത്തി. ഇന്ന് ഉച്ചയ്ക്ക് 1.56നാണ് വിമാനം അമൃതസറിലെത്തിയത്. 104 ഇന്ത്യക്കാരാണ് വിമാനത്തിലുള്ളത്. ഗുജറാത്തിൽനിന്ന് കുടിയേറിയ 33 പേരും പഞ്ചാബിൽനിന്ന് കുടിയേറിയ 30 പേരും ഹരിയാനയിൽനിന്നുള്ള 33 പേരും ഛണ്ഡീഗഡിൽ നിന്നുള്ള രണ്ട് പേരും മഹാരാഷ്ട്രക്കാരായ മൂന്ന് പേരുമാണ് വിമാനത്തിലുള്ളത്. വിമാനത്തിലെത്തിയവർ ഇന്ത്യക്കാരാണോ എന്ന് പരിശോധിച്ചുവരികയാണ്. പരിശോധനകൾ പൂർത്തിയായശേഷമേ ഇവരെ പുറത്തേയ്ക്ക് ഇറക്കുകയുള്ളു. രേഖകളില്ലാതെ അമേരിക്കയിൽ തുടരുന്ന വിദേശപൗരൻമാരെ കുടിയൊഴിപ്പിക്കുമെന്ന ട്രംപിന്റെ പ്രഖ്യാപനത്തെത്തുടർന്നാണു നാടുകടത്തൽ. ഇന്ത്യയ്ക്കു പുറമെ ഗ്വാട്ടിമാല, പെറു, ഹോണ്ടുറാസ് രാജ്യങ്ങളിൽനിന്നുള്ളവരെയാണ് നിലവിൽ നാടുകടത്തുന്നത്. ആദ്യഘട്ടത്തിൽ മടക്കി അയയ്ക്കാനുള്ള 18000 ഇന്ത്യക്കാരുടെ പട്ടിക അമേരിക്ക തയാറാക്കിയിട്ടുണ്ട്. ഇവരെ ഘട്ടംഘട്ടമായി ഇന്ത്യയിലേക്കു കയറ്റിവിടും. ഇന്ത്യക്കാരായ 7,25,000 അനധികൃത കുടിയേറ്റക്കാർ അമേരിക്കയിൽ താമസിക്കുന്നുണ്ടെന്നാണു കണക്ക്.

അനധികൃത കുടിയേറ്റക്കാരെ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്ത്യക്കാരിൽ ആദ്യ സംഘത്തെ തിരിച്ചയക്കാൻ ഉപയോഗിച്ചത് സി 17 ഗ്ലോബ്മാസ്റ്റർ വിമാനം. 205 അനധികൃത കുടിയേറ്റക്കാരുമായി ടെക്സസ് വിമാനത്താവളത്തിൽ നിന്നും പുറപ്പെട്ട വിമാനം അമൃതസറിൽ എത്തുമെന്നാണ് റിപ്പോർട്ടുകൾ. യുഎസ്, നിരവധി ദൗത്യങ്ങളിൽ ഉപയോഗിച്ചിട്ടുള്ള വിമാനമാണ് സി 17 ഗ്ലോബ്മാസ്റ്റർ. ബോയിങ്ങിന്റെ വെബ്സൈറ്റിൽ നിന്നുള്ള വിവരം അനുസരിച്ച് പരമാവധി 130 പേരെ (പാലറ്റുകളിൽ 80 പേർ, സൈഡ്വാൾ സീറ്റുകളിൽ 54 യാത്രക്കാർ) മാത്രം വഹിക്കാൻ സാധിക്കുന്ന വിമാനത്തിലാണ് 205 പേരെ കയറ്റിയിരിക്കുന്നത്.

അമേരിക്കയ്ക്ക് മാത്രമല്ല ഇന്ത്യൻ എയർഫോഴ്സും ഈ വിമാനങ്ങൾ ഉപയോഗിക്കുന്നുണ്ട്. യുഎസ് കഴി!ഞ്ഞാൽ ഏറ്റവും കൂടുതൽ സി 17 ഗ്ലോബ് മാസ്റ്റർ വിമാനങ്ങൾ ഉപയോഗിക്കുന്നത് ഇന്ത്യയാണ്.

ആദ്യ ടേമിൽ ട്രംപ് ഇന്ത്യയിൽ എത്തിയപ്പോൾ സി 17 ഗ്ലോബ്മാസ്റ്റർ വിമാനങ്ങളും കൂടെ എത്തിയിരുന്നു. ട്രംപിന്റെ സുരക്ഷാ ഉദ്യോഗസ്ഥർക്ക് സഞ്ചരിക്കാനുള്ള വാഹനങ്ങൾ, കാഡിലാക് വൺ, സുരക്ഷാ ഉപകരണങ്ങൾ തുടങ്ങി മറീന വൺ എന്ന ഹെലികോപ്റ്റർ വരെ അമേരിക്കയിൽ നിന്നും ഇന്ത്യയിലെത്തിച്ചത് സി 17 ഗ്ലോബ്മാസ്റ്റർ എന്ന വിമാനത്തിലാണ്. ഇത്തരം ആറു വിമാനങ്ങൾ ഇന്ത്യയിലെത്തിയെന്നായിരുന്നു അന്നത്തെ വിവരം.

# ഇ–ലെഡ്ജർ ആപ്ലിക്കേഷൻ ഈ സാമ്പത്തിക വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു

സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിലെ തുക വിനിയോഗവുമായി ബന്ധപ്പെട്ടു ധനവകുപ്പ് നടപ്പാക്കിയ ഇലക്ട്രോണിക്സ് ലെഡ്ജർ അക്കൗണ്ട് മോണിറ്ററിങ് സിസ്റ്റം (ഇ–ലെഡ്ജർ) 2024–25 സാമ്പത്തിക വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് സർക്കാർ ഉത്തരവ് പുറത്തിറങ്ങി. ഏഛ(ജ)ചീ.10/2025/എശി ഉത്തരവ് പ്രകാരം ഇതുമായി ബന്ധപ്പെട്ട് മുൻപ് നൽകിയിട്ടുള്ള എല്ലാ മാർഗനിർദേശങ്ങളും നടപ്പു സാമ്പത്തിക വർഷവും ബാധകമായിരിക്കും.

ഈ സിസ്റ്റത്തിൽ പോസ്റ്റ് ചെയ്യുന്ന തുക തുടർന്നുള്ള സാമ്പത്തിക വർഷത്തിൽ (202526) സെപ്റ്റംബർ 30–ന് ശേഷം അനുവദിക്കുന്നതല്ല. ഇ–ലാംസിന് കീഴിലുള്ള തുക ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ മാർച്ച് 27 ന് മുൻപും ഫണ്ട് പുനർലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ മാർച്ച് 29 ന് മുൻപും ധനകാര്യ വകുപ്പിന് സമർപ്പിക്കണമെന്നും ഉത്തരവിൽ വ്യക്തമാക്കുന്നു.

# പകുതി വിലയ്ക്ക് സ്കൂട്ടർ; കോൺഗ്രസ് നേതാവ് ലാലി വിൻസെൻറും പ്രതി

കണ്ണൂർ: പകുതി വിലയ്ക്ക് ഇരുചക്ര വാഹനവും ഗൃഹോപകരണങ്ങളും വാഗ്ദാനം ചെയ്തുള്ള തട്ടിപ്പിൽ സംസ്ഥാനത്ത് ആയിരത്തിലധികം പരാതികൾ.

രണ്ട് വർഷം മുൻപ് ജില്ലകളിൽ രൂപീകരിച്ച സീഡ് സൊസൈറ്റികൾ വഴിയാണ് കോടികൾ സമാഹരിച്ചത്. പ്രമോട്ടർമാരും തട്ടിപ്പിൽ പെട്ടുപോയിട്ടുണ്ടാകാമെന്നാണ് പോലീസ് പറയുന്നത്. കണ്ണൂർ ടൗൺ പോലീസെടുത്ത കേസിൽ കോൺഗ്രസ് നേതാവ് ലാലി വിൻസൻറും പ്രതിയാണ്.

കണ്ണൂർ ബ്ലോക്കിൽ 494 പേരിൽ നിന്ന് മൂന്നു കോടിയോളം തട്ടിയെന്നാണ് കേസ്. തട്ടിപ്പ് കേസിൽ അറസ്റ്റിലായ അനന്തു കൃഷ്ണൻ ഉൾപ്പെടെ ഏഴു പ്രതികളാണുള്ള്. ഇതിൽ ഏഴാം പ്രതിയാണ് നിയമോപദേഷ്ടാവായ ലാലി വിൻസെൻറ്. സംസ്ഥാനത്താകെ നടന്ന തട്ടിപ്പിന്റെ വ്യാപ്തി ആയിരം കോടിയോളം വരുമെന്നാണ് പോലീസ് പറയുന്നത്. തട്ടിപ്പ് കേസിന്റെ അന്വേഷം ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന വിഭാഗം ഏറ്റെടുക്കും. പ്രതി അനന്തു കൃഷ്ണന്റെ രാഷ്ട്രീയ ബന്ധങ്ങളിൽ അന്വേഷണം ഉണ്ടാകും.

അനന്തു കേസിൽ ബലിയാടായതാണെന്നും നിയമോപദേശം താൻ നൽകിയിരുന്നുവെന്നും സാമ്പത്തിക ഇടപാടുകളിൽ ബന്ധമില്ലെന്നും ലാലി വിൻസെൻറ് പ്രതികരിച്ചു.




നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പട്ടികവർഗ യുവജന സമ്പർക്ക പരിപാടിയുടെ ഉദ്ഘാടനം മന്ത്രി കെ രാജൻ നിർവഹിക്കുന്നു.




കേരളം മ്യൂസിയം സംഘടിപ്പിച്ച മ്യൂസിയം മാനേജ്മെന്റ് ശില്പശാല മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യുന്നു

# മ്യൂസിയങ്ങൾ അന്താരാഷ്ട്രതലത്തിലേക്ക് ഉയർത്തും : മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

സംസ്ഥാനത്തെ മ്യൂസിയങ്ങൾ സാംസ്കാരിക വ്യക്തിത്വത്തെ രൂപപ്പെടുത്തുന്ന സചേതനമായ കഥ പറയുന്ന മ്യൂസിയങ്ങളാക്കി അന്താരാഷ്ട്ര തലത്തിലേക്ക് ഉയർത്തുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. കേരളം മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന മ്യൂസിയം മാനേജ്മെന്റ് ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. പൈതൃകത്തിന്റെയും നാടിന്റെ സമ്പന്നമായ സാംസ്കാരത്തിന്റെയും അടയാളങ്ങളാണ് മ്യൂസിയങ്ങൾ. നമ്മുടെ മഹത്തായ സാംസ്കാരിക പാരമ്പര്യവും മഹിതമായ ചരിത്രവും വരും തലമുറയ്ക്ക് കൈമാറുകയെന്ന ദൗത്യമാണ് മ്യൂസിയങ്ങളിലൂടെ നിർവഹിക്കപ്പെടുന്നത്. മ്യൂസിയങ്ങളുടെ പരിപാലനം പ്രധാനപ്പെട്ടതാണ്. സന്ദർശകർക്ക് മ്യൂസിയം ഉൾക്കൊള്ളുന്ന ചരിത്രകഥയും അനുഭൂതികളും പകർന്നു നൽകാനാകണം. കഴിഞ്ഞ 8 വർഷങ്ങളായി പ്രാദേശിക ചരിത്രമ്യൂസിയങ്ങൾ മുതൽ സംസ്ഥാന മ്യൂസിയം വരെ മ്യൂസിയങ്ങളുടെ വലിയ ശൃംഖല തന്നെ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

കേരള സർക്കാരിന്റെ മ്യൂസിയം നോഡൽ ഏജൻസിയായ കേരളം മ്യൂസിയം സംസ്ഥാനത്ത് മ്യൂസിയങ്ങൾ രൂപീകരിക്കുന്നതിലും അവയെ ജനാകർഷകവും സന്ദർശക സൗഹൃദവുമാക്കുന്നതിലും സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. ആധുനിക മ്യൂസിയം സങ്കല്പങ്ങൾ പരിവർത്തനങ്ങൾക്ക് വിധേയമായി കൊണ്ടിരിക്കുകയാണ്. കഥ പറയുന്ന മ്യൂസിയങ്ങൾ ഒരു ദേശത്തിന്റെ ജനതയുടെ വൈവിധ്യവും വൈശിഷ്ട്യങ്ങളുമായ ഭൂതകാല ചരിത്രത്തെ അനാവരണം ചെയ്യുന്ന ദൗത്യമാണ് നിർവഹിക്കുന്നത്. സാംസ്കാരിക മുന്നേറ്റത്തിന്റെ ഗതിവേഗം അടയാളപ്പെടുത്തുവാനും അമൂല്യമായ പുരാവസ്തു ശേഖരങ്ങൾ പ്രദർശിപ്പിക്കുക വഴി ചരിത്രവസ്തുതകളെ തിരിച്ചറിയുവാനും മ്യൂസിയങ്ങളിലൂടെ സാധിക്കുന്നുവെന്ന് മന്ത്രി പറഞ്ഞു.

കേരളത്തിന് അഭിമാനിക്കാവുന്ന രീതിയിൽ 1880ൽ തിരുവനന്തപുരത്ത് സ്ഥാപിച്ച നേപ്പിയർ മ്യൂസിയത്തിൽ അമൂല്യമായ വസ്തുക്കൾ വിഭിന്നങ്ങളായ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും കാലക്രമത്തിനനുസൃതമായി പ്രദർശിപ്പിച്ചിട്ടുണ്ട്. അതുപോലെ തിരുവനന്തപുരത്തെ കാഴ്ചബംഗ്ലാവും ലോകപ്രശസ്തമായ രവിവർമ്മ ആർട്ട് ഗ്യാലറിയും നാചറൽ ഹിസ്റ്ററി മ്യൂസിയവും കണ്ണൂരിലെ കൈത്തറി മ്യൂസിയവും വയനാട്ടിലെ കുങ്കിച്ചിറ മ്യൂസിയവും ശ്രദ്ധേയമാണ്. കണ്ണൂർ പെരളശ്ശേരിയിൽ എ.കെ.ജി യുടെ സ്മൃതി മ്യൂസിയവും ചന്തപ്പുരയിൽ തെയ്യം മ്യൂസിയവും തയാറാകുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

ചടങ്ങിൽ വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിച്ചു. പുരാവസ്തു വകുപ്പ് ഡയറക്ടർ ഇ ദിനേശൻ, പുരാരേഖ വകുപ്പ് ഡയറക്ടർ ഇൻ ചാർജ് പാർവതി എസ്, മ്യൂസിയം മൃഗശാല വകുപ്പ് ഡയറക്ടർ ഇൻ ചാർജ് മഞ്ജുള ദേവി പി എസ്, കേരളം മ്യൂസിയം എക്സിക്യൂട്ടീവ് ഡയറക്ടർ ആർ ചന്ദ്രൻപിള്ള തുടങ്ങിയവർ സംസാരിച്ചു.

# ഐസിസി ട്വൻറി20 റാങ്കിംഗ്: അഭിഷേക് ശർമയ്ക്ക് വൻ നേട്ടം, സഞ്ജുവിന് തിരിച്ചടി

ദുബായി: ഇംഗ്ലണ്ടിനെതിരായ ടwൻറി20 പരമ്പരയിലെ വെടിക്കെട്ട് ബാറ്റിംഗിനു പിന്നാലെ റാങ്കിംഗിലും കുതിച്ചുകയറി ഇന്ത്യൻ ഓപ്പണർ അഭിഷേക് ശർമ. ഐസിസി ടwൻറി20 ബാറ്റിംഗ് റാങ്കിംഗിൽ 38 സ്ഥാനങ്ങൾ കയറി രണ്ടാം സ്ഥാനത്തേക്ക് താരമെത്തി. 829 റേറ്റിംഗ് പോയിൻറുകളാണ് അഭിഷേക് ശർമയ്ക്കുള്ളത്. അതേസമയം, രണ്ടാം സ്ഥാനത്തുണ്ടായിരുന്ന ഇന്ത്യയുടെ തിലക് വർമ ഒരു സ്ഥാനം നഷ്ടപ്പെട്ട് മൂന്നാം സ്ഥാനത്തേക്ക് ഇറങ്ങിയപ്പോൾ നാലാം സ്ഥാനത്തുണ്ടായിരുന്ന നായകൻ സൂര്യകുമാർ യാദവ് ഒരു സ്ഥാനമിറങ്ങി അഞ്ചാമതായി. 855 റേറ്റിംഗ് പോയിൻറുള്ള ഓസീസ് താരം ട്രാവിസ് ഹെഡ് ആണ് ഒന്നാമത്.

യശസ്വി ജയ്സ്വാൾ(12), ഋതുരാജ് ഗെയ്ക്വാദ്(21) എന്നിങ്ങനെ മറ്റു താരങ്ങളെത്തിയപ്പോൾ ഇംഗ്ലണ്ടിനെതിരായ ടwൻറി20 പരമ്പരയിലെ മോശം പ്രകടനത്തെ തുടർന്ന് മലയാളി താരം സഞ്ജു സാംസൺ അഞ്ച് സ്ഥാനം താഴേക്കിറങ്ങി 35–ാം സ്ഥാനത്താണെത്തിയത്. അതേസമയം, ബൗളിംഗ് റാങ്കിംഗിൽ ഇന്ത്യയുടെ വരുൺ ചക്രവർത്തി മൂന്ന് റാങ്കുകൾ മെച്ചപ്പെടുത്തി മൂന്നാം സ്ഥാനത്തേക്ക് ഉയർന്നു. 705 റേറ്റിംഗ് പോയിൻറാണ് താരത്തിനുള്ളത്. ഇതേ റേറ്റിംഗ് പോയിൻറുള്ള ഇംഗ്ലണ്ടിന്റെ ആദിൽ റഷീദ് രണ്ടാം സ്ഥാനത്താണ്. 707 റേറ്റിംഗ് പോയിൻറുമായി വെസ്റ്റ് ഇൻഡീസിന്റെ അക്കീൽ ഹൊസൈനാണ് ഒന്നാമത്.

ഇന്ത്യയുടെ രവി ബിഷ്ണോയ് നാലു സ്ഥാനം മെച്ചപ്പെടുത്തി നാലാം സ്ഥാനത്തേക്ക് ഉയർന്നു. അതേസമയം, അർഷ്ദീപ് സിംഗ് ഒരു സ്ഥാനം താഴേക്കിറങ്ങി ഒമ്പതാം സ്ഥാനത്തായി. ഓൾ റൗണ്ടർമാരുടെ റാങ്കിംഗിൽ ഇന്ത്യയുടെ ഹാർദിക് പാണ്ഡ്യ തന്നെയാണ് ഒന്നാമത്.

# കള്ളക്കടൽ: തീരങ്ങളിൽ ജാഗ്രതാ നിർദേശം, മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ്

തിരുവനന്തപുരം: സംസ്ഥാനത്ത് വീണ്ടും കള്ളക്കടൽ മുന്നറിയിപ്പ്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, എറണാകുളം, ആലപ്പുഴ തീരങ്ങളിൽ ഇന്നു രാവിലെ 05.30 മുതൽ വൈകുന്നേരം 05.30 വരെ 0. 2 മുതൽ 0. 6 മീറ്റർ വരെയും; തമിഴ്നാട് തീരത്ത് 0. 5 മുതൽ 0. 7 മീറ്റർ വരെയും ഉയർന്ന തിരമാലകൾ കാരണം കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. ചെറിയ വള്ളങ്ങളും ബോട്ടുകളും കടലിലേക്ക് ഇറക്കുന്നത് ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്.

കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുള്ള ഘട്ടത്തിൽ കടലിലേക്ക് മത്സ്യബന്ധന യാനങ്ങൾ ഇറക്കുന്നത് പോലെ തന്നെ അപകടകരമാണ് കരക്കടുപ്പിക്കുന്നതും. ആയതിനാൽ തിരമാല ശക്തിപ്പെടുന്ന ഘട്ടത്തിൽ കടലിലേക്ക് ഇറക്കുന്നതും കരക്കടുപ്പിക്കുന്നതും ഒഴിവാക്കേണ്ടതാണ്.

മുന്നറിയിപ്പ് പിൻവലിക്കുന്നത് വരെ ബീച്ചുകൾ കേന്ദ്രീകരിച്ചുള്ള വിനോദ സഞ്ചാരമുൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളിലും ശ്രദ്ധ പുലർത്തേണ്ടതാണ്. മത്സ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുക. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കാം. മൽസ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം.

ബീച്ചിലേക്കുള്ള യാത്രകളും കടലിൽ ഇറങ്ങിയുള്ള വിനോദങ്ങളും പൂർണമായും ഒഴിവാക്കുക. തീരശോഷണത്തിനു സാധ്യതയുള്ളതിനാൽ പ്രത്യേകം ജാഗ്രത പുലർത്തണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

NAUTICAL TIMES
KERALA



# രണ്ടരവയസുകാരിയുടെ മരണം: ഹരികുമാറിന് മാനസിക രോഗമില്ലെന്ന് ഡോക്ടർമാർ, രണ്ടുദിവസം നിരീക്ഷിക്കും

തിരുവനന്തപുരം: ബാലരാമപുരത്ത് രണ്ടര വയസുകാരി ദേവേന്ദുവിനെ കിണറ്റിലെറിഞ്ഞു കൊലപ്പെടുത്തിയ കേസിലെ പ്രതിയായ അമ്മാവൻ ഹരികുമാറിന് മാനസികപ്രശ്നങ്ങൾ ഇല്ലെന്ന് മെഡിക്കൽ കോളജ് ആശുപത്രിയിലെ മാനസികരോഗ വിഭാഗം.

കോടതി നിർദേശപ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലെ മനോരോഗ വിദഗ്ധരാണ് പരിശോധന നടത്തിയത്. വൈദ്യപരിശോധനക്ക് ശേഷം പ്രതിയെ ജയിലിലേക്ക് മാറ്റി. രണ്ടു ദിവസത്തെ നിരീക്ഷണത്തിനു ശേഷം കോടതിയിൽ റിപ്പോർട്ട് നൽകും.

ഹരികുമാറിനെ അഞ്ചു ദിവസത്തെ കസ്റ്റഡിയിൽ വേണമെന്നു പോലീസ് ആവശ്യപ്പെട്ടെങ്കിലും കോടതി അത് അംഗീകരിച്ചിരുന്നില്ല. കസ്റ്റഡി അപേക്ഷ പരിഗണിക്കവെ താനല്ല കുട്ടിയെ കൊലപ്പെടുത്തിയതെന്നു ഹരികുമാർ മൊഴിമാറ്റുകയും കരയുകയും ചികിത്സ ആവശ്യപ്പെടുകയും ചെയ്തിരുന്നു. അറസ്റ്റിന് പിന്നാലെ ഹരികുമാറിന് മാനസികാസ്വാസ്ഥ്യമുണ്ടെന്ന് റൂറൽ എസ്പി പറഞ്ഞിരുന്നു.

പ്രതി പലപ്പോഴായി മൊഴി മാറ്റുന്നത് കൊലയുടെ കാരണം ഉൾപ്പെടെ വ്യക്തമാകുന്നതിന് വെല്ലുവിളിയായി മാറുകയാണെന്നും പോലീസ് കോടതിയെയും അറിയിച്ചിരുന്നു. തുടർന്നാണ് കോടതി മാനസിക പ്രശ്നങ്ങളുണ്ടോയെന്ന് പരിശോധിക്കാൻ നിർദേശം നൽകിയത്.

ദേവസ്വം ബോർഡിൽ ഡ്രൈവർ ജോലി തരപ്പെടുത്തി നൽകാമെന്ന് വിശ്വസിപ്പിച്ച് വ്യാജ നിയമന ഉത്തരവ് നൽകി കബളിപ്പിച്ചുവെന്ന കേസിൽ അറസ്റ്റിലായി അട്ടക്കുളങ്ങര വനിതാ ജയിലിൽ കഴിയുന്ന ഹരികുമാറിന്റെ സഹോദരിയും ദേവേന്ദുവിന്റെ അമ്മയുമായ ശ്രീതുവിനെ പോലീസ് ഇന്നു കസ്റ്റഡിയിൽ വാങ്ങും.

ബാലരാമപുരം സ്വദേശി ഷിജുവിനെ കബളിപ്പിച്ച് പത്ത് ലക്ഷം രൂപ തട്ടിയെടുത്തെന്ന കേസിലാണ് ശ്രീതുവിനെ ബാലരാമപുരം പോലീസ് അറസ്റ്റ് ചെയ്ത് റിമാൻഡിലാക്കിയത്. പത്തോളം പേരിൽ നിന്നും ഇവർ പണം തട്ടിയെടുത്തെന്ന പരാതിയിൽ പോലീസ് അന്വേഷണം തുടരുകയാണ്.

കുട്ടിയെ കൊലപ്പെടുത്തിയ കേസിൽ ശ്രീതുവിന് പങ്കുണ്ടോയെന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ അന്വേഷണം തുടരുകയാണ്. തിരുവനന്തപുരം റൂറൽ എസ്പി. കെ. എസ്. സുദർശനന്റെ നിർദേശാനുസരണം നെയ്യാറ്റിൻകര ഡിവൈഎസ്പി. എസ്. ഷാജിയുടെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് കേസ് അന്വേഷണം നടത്തുന്നത്.

# പത്തനംതിട്ടയിൽ നടന്നത് പോലീസ് നരനായാട്ടെന്ന് പ്രതിപക്ഷ നേതാവ്

തിരുവനന്തപുരം: പത്തനംതിട്ടയിൽ ചൊവ്വാഴ്ച രാത്രി നടന്നത് പോലീസിന്റെ നരനായാട്ടാണെന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ. ഒരു പ്രകോപനവുമില്ലാതെയാണ് വിവാഹ സംഘത്തിൽപ്പെട്ട സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ ആക്രമിച്ചത്. ആളുമാറിയാണ് വിവാഹ സംഘത്തിലുള്ളവരെ പോലീസ് തല്ലിച്ചതച്ചതെന്നത് സംഭവത്തിന്റെ ഗൗരവം വർധിപ്പിക്കുന്നു. പോലീസിന് സംഭവിച്ചിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. അധികാര ദുർവിനിയോഗവും നരനായാട്ടും നടത്തിയ ഉദ്യോഗസ്ഥരെ സംരക്ഷിക്കാനാണ് ശ്രമമെങ്കിൽ അത് അനുവദിക്കില്ലെന്ന് അദ്ദേഹം പറഞ്ഞു. എന്ത് അധികാരത്തിലാണ് പോലീസ് നിരപരാധികളെ തല്ലിച്ചതച്ചത്. പോലീസിന്റെ പരാക്രമത്തിന് സിസി ടിവി ദൃശ്യങ്ങൾ തെളിവാണ്. കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥരെ ഒരു നിമിഷം പോലും സർവീസിൽ തുടരാൻ അനുവദിക്കരുത്. കർശന നടപടി സ്വീകരിക്കണം. ക്രൂരമായ മർദനം ഏൽക്കേണ്ടി വന്നവരുടെ പരാതിയിൽ കൃത്യമായ അന്വേഷണം നടത്തി നിയമനടപടി ഉറപ്പാക്കണം

# ടോൾ പിരിവ് നയംമാറ്റമല്ല, കാലത്തിനനുസരിച്ച മാറ്റം: ടി. പി. രാമകൃഷ്ണൻ

തിരുവനന്തപുരം: കിഫ്ബി റോഡുകൾക്ക് ടോൾ പിരിക്കാനുള്ള നീക്കത്തിനെതിരെ പ്രതിപക്ഷം പ്രതിഷേധം ഉയർത്തുന്നതിനിടെ പ്രതികരണവുമായി ഇടതുമുന്നണി കൺവീനർ ടി. പി. രാമകൃഷ്ണൻ. ടോൾ പിരിക്കാനുള്ള തീരുമാനം നയംമാറ്റം അല്ലെന്നും കാലം മാറുന്നതിനനുസരിച്ചുള്ള നിലപാട് മാത്രമാണെന്നും ടി. പി. രാമകൃഷ്ണൻ അഭിപ്രായപ്പെട്ടു. കിഫ്ബി റോഡുകൾക്ക് ടോൾ പിരിക്കാൻ ഇടത് മുന്നണി തത്വത്തിൽ തീരുമാനിച്ചതാണ്. ടോൾ വേണ്ടെന്നുവച്ചാൽ വികസനത്തിൽ ഒരിഞ്ച് മുന്നോട്ട് പോകാൻ കഴിയില്ലെന്നും ടി. പി. രാമകൃഷ്ണൻ പറഞ്ഞു. എലപ്പുള്ളിയിൽ മദ്യനിർമാണശാലയ്ക്ക് അനുമതി നൽകിയ വിഷയത്തിൽ എന്തൊക്കെ എൽഡിഎഫിൽ ചർച്ച ചെയ്യുമെന്ന് മാധ്യമങ്ങളോട് പങ്കുവയ്ക്കേണ്ടതില്ല. ആർജെഡി അവരുടെ അഭിപ്രായമാണ് പറഞ്ഞത്. അത് ഇടത് നിലപാടായി വ്യാഖ്യാനിക്കേണ്ടതില്ല. ബ്രൂവറി വിഷയം സങ്കീർണമാക്കിയത് മാധ്യമങ്ങളാണെന്നും ടി. പി. രാമകൃഷ്ണൻ പറഞ്ഞു.



സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസിന്റെ ലോഗോ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ് ലോഗോ മുഖ്യമന്ത്രി പ്രകാശനം ചെയ്തു

സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസ് (സി.ഒ.ഇ.എൻ)ന്റെ ഔദ്യോഗിക ലോഗോ മുഖ്യമന്ത്രി പിണറായി വിജയൻ പ്രകാശനം ചെയ്തു. മുഖ്യമന്ത്രിയുടെ ചേമ്പറിൽ നടന്ന പരിപാടിയിൽ കേന്ദ്രത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ഡോ. കെ. പി. സുധീറും മുഖ്യ ശാസ്ത്രജ്ഞയായ ഡോ. റൂബി ജോൺ ആന്റോയും ചേർന്നാണ് ലോഗോ മുഖ്യമന്ത്രിക്ക് കൈമാറിയത്.

2022–23 ലെ സംസ്ഥാന ബജറ്റിന്റെ ഭാഗമായി പ്രഖ്യാപിച്ച സി.ഒ.ഇ.എൻ. നിലവിൽ തോന്നയ്ക്കലിലെ ബയോ360 ലൈഫ് സയൻസ് പാർക്കിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി (കഅഢ) കാമ്പസിലാണ് താൽക്കാലികമായി പ്രവർത്തനം ആരംഭിച്ചത്. ശരീരത്തിന് രോഗനിവാരകമോ രോഗപ്രതിരോധകമോ ആരോഗ്യ സംരക്ഷകമോ ആയ ഗുണങ്ങൾ പ്രദാനം ചെയ്യുന്ന പ്രകൃതിജന്യമായ പോഷകങ്ങളാണ് ന്യൂട്രാസ്യൂട്ടിക്കലുകൾ. ഇവയുടെ ഗുണങ്ങൾ വിലയിരുത്തുകയും, ജൈവ സുരക്ഷ ഉറപ്പാക്കുകയും അനുയോജ്യമായവയെ വാണിജ്യവൽക്കരിച്ചു ജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്യുക എന്നതാണ് കേരള സർക്കാരിന്റെ പുതിയ സംരംഭമായ സെന്റർ ഓഫ് എക്സലെൻസ് ഇൻ ന്യൂട്രാസ്യൂട്ടിക്കൽസിന്റെ ലക്ഷ്യം. ഇതിനായി പ്രത്യേക ലബോറട്ടറികൾ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്.

അടിയന്തിര ആരോഗ്യ വെല്ലുവിളികളായ ജീവിതശൈലീ രോഗങ്ങളെ നേരിടുന്നതിന് ന്യൂട്രാസ്യൂട്ടിക്കലുകളെ ഗവേഷണത്തിനും വ്യവസായത്തിനും ഇടയിലുള്ള വിടവ് നികത്തി ഒരു ഗവേഷണ വ്യവസായ ഇന്റർഫേസ് സ്ഥാപിക്കാനും ഈ കേന്ദ്രം ലക്ഷ്യമിടുന്നു.മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം സി ദത്തനും ശാസ്ത്രജ്ഞരും ചടങ്ങിൽ സന്നിഹിതരായി.

# കെഎസ്ആർടിസി ഡ്രൈവിംഗ് സ്കൂൾ പദ്ധതി ലാഭത്തിൽ: മന്ത്രി

വിതുര: മിതമായ നിരക്കിൽ മികച്ച ഡ്രൈവിംഗ് പരിശീലനം എന്ന സന്ദേശവുമായി കെഎസ്ആർടിസി ആരംഭിച്ച ഡ്രൈവിംഗ് സ്കൂൾ പദ്ധതി ആറു മാസം പിന്നിടുമ്പോൾ 27,86,522 ലക്ഷം രൂപയുടെ ലാഭം നേടിയെന്നു മന്ത്രി കെ. ബി. ഗണേഷ് കുമാർ. ഡ്രൈവിംഗ് സ്കൂൾ, ടൂറിസ്റ്റ് ഹബ്ബ് ഉൾപ്പെടെ വിതുര കെഎസ്ആർടിസിയുടെ വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇതുവരെ 661 പേർ ഡ്രൈവിംഗ് പഠനത്തിനു ചേർന്നു. കെഎസ്ആർടിസി ഡ്രൈവിംഗ് സ്കൂളിൽ പഠനം കഴിഞ്ഞ് ഇറങ്ങുന്ന കുട്ടികൾ സധൈര്യം സ്വന്തം വണ്ടി ഓടിച്ചു പോകുമെന്ന വാക്കു പാലിക്കാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ കെഎസ്ആർടിസി ബസുകളിലും അകത്തും പുറത്തും ക്യാമറ ഘടിപ്പിക്കും. യാത്രക്കാർ കൈ കാണിച്ചിട്ട് ബസ് നിർത്താതെ പോയാൽ നടപടി എടുക്കും. സാധാരണക്കാർ ആശ്രയിക്കുന്ന സൂപ്പർഫാസ്റ്റ് ബസുകൾ എസിയാക്കുന്ന പദ്ധതിയുടെ ഭാഗമായി ആദ്യ ബസ് ട്രയലിന് നൽകുകയാണ്.

കെഎസ്ആർടിസി ജീവനക്കാരുടെ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ മൊബൈൽ മെഡിക്കൽ യൂണിറ്റ് ഒരുമാസം അഞ്ചു ഡിപ്പോകളിൽ ചെക്കപ്പുകൾ നടത്തും. കെഎസ്ആർടിസിയുടെ നഷ്ടം കുറച്ചു കൊണ്ടുവരാൻ കഴിയുന്നു എന്നതു മികച്ച നേട്ടമാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ജി. സ്റ്റീഫൻ എംഎൽഎ അധ്യക്ഷത വഹിച്ചു. ഡ്രൈവിംഗ് സ്കൂളിന് പുതിയ കെട്ടിടം നിർമിക്കാൻ പ്രാദേശിക വികസനഫണ്ടിൽ നിന്നും 40 ലക്ഷം രൂപ അനുവദിച്ചതായി എംഎൽഎ പറഞ്ഞു. വിതുര സർവീസ് സഹ. ബാങ്കിന്റെ ശതാബ്ദി ഡയറി മന്ത്രി കെ. ബി ഗണേഷ് കുമാർ പ്രകാശനം ചെയ്തു.

കെഎസ്ആർടിസി ഡിപ്പോയിൽ നടന്ന ചടങ്ങിൽ വിതുര പഞ്ചായത്ത് പ്രസിഡൻറ് മഞ്ജുഷ ആനന്ദ്, കെഎസ്ആർടിസി മാനേജിംഗ് ഡയറക്ടർ പി. എസ്. പ്രമോജ് ശങ്കർ, റോഡ് സേഫ്റ്റി കമ്മീഷണർ നിതിൻ അഗ്രവാൾ, ട്രാൻസ്പോർട്ട് കമ്മീഷണർ എച്ച്. നാഗരാജു എന്നിവരും പങ്കെടുത്തു.

# പത്തനംതിട്ട പോലീസ് മർദനം: എസ്ഐക്ക് സ്ഥലംമാറ്റം

പത്തനംതിട്ട: പത്തനംതിട്ടയിൽ പാതിരാത്രിയിൽ യാത്രക്കാരെ തല്ലിയ എസ്ഐക്ക് സ്ഥലംമാറ്റം. എസ്ഐ ജിനുവിനെയാണ് എസ്പി ഓഫീസിലേക്ക് സ്ഥലംമാറ്റിയത്. ആളുമാറി പോലീസ് നടത്തിയ ലാത്തിച്ചാർജിലും മർദനത്തിലും സ്ത്രീക്ക് ഉൾപ്പെടെ മൂന്നുപേർക്കു ഗുരുതരമായി പരിക്കേറ്റിരുന്നു.

വിവാഹ സത്കാരച്ചടങ്ങിൽ പങ്കെടുത്തു മടങ്ങിയ സ്ത്രീകളടങ്ങിയ സംഘത്തിനുനേരേയാണ് ചൊവ്വാഴ്ച രാത്രി പതിനൊന്നരയോടെ പോലീസ് അതിക്രമം ഉണ്ടായത്. പത്തനംതിട്ട അബാൻ ജംഗ്ഷനിലായിരുന്നു സംഭവം.

മർദനത്തിനിരയായ യുവതിയുടെ തൊളെല്ലൊടിഞ്ഞു. രണ്ടു യുവാക്കൾക്കു ക്രൂരമായ മർദനമേറ്റു. എസ്ഐ ജിനുവിന്റെ നേതൃത്വത്തിലെത്തിയ പോലീസ് സംഘമാണ് നരനായാട്ട് നടത്തിയത്.

കൊല്ലത്തു നടന്ന വിവാഹസത്കാരത്തിൽ പങ്കെടുത്ത് ട്രാവലറിൽ മടങ്ങിയ സംഘത്തിൽ ഇരുപതോളം പേരുണ്ടായിരുന്നു. എരുമേലി, മുണ്ടക്കയം ഭാഗത്തുനിന്നുള്ളവരാണു ട്രാവലറിൽ ഉണ്ടായിരുന്നത്. ഇവർക്കൊപ്പമുണ്ടായിരുന്ന മലയാലപ്പുഴ പുതുക്കുളം സ്വദേശിയെ കൂട്ടിക്കൊണ്ടു പോകാൻ ഭർത്താവ് എത്തി അബാൻ ജംഗ്ഷനിൽ കാത്തുനിന്നിരുന്നു.

ഇവിടെ വാഹനം നിർത്തിയപ്പോൾ സ്ത്രീ അടക്കം അഞ്ചു പേർ പുറത്തിറങ്ങി നിന്നു. ഇവരിൽ ചിലർ റോഡരികിൽ മൂത്രമൊഴിക്കുന്നതിനിടെ പാഞ്ഞുവന്ന പോലീസ് വാഹനം നിർത്തി 'ഓടെടാ' എന്നു പറഞ്ഞ് ലാത്തിച്ചാർജ് തുടങ്ങുകയായിരുന്നുവെന്ന് പറയുന്നു. എസ്ഐ ജിനു മഫ്തിയിലായിരുന്നു.

ഭർത്താവിനെയും കൂടെ വന്നവരെയും പോലീസ് മർദിക്കുന്നത് കണ്ട് ഭയന്നോടിയപ്പോൾ വീണാണ് സിത്താര (31) എന്ന യുവതിക്ക് പരിക്കേറ്റത്. സിത്താരയുടെ തോളെല്ലിന് പൊട്ടലുണ്ട്. ഭർത്താവ് ശ്രീജിത്തിന്റെ തലയ്ക്ക് ലാത്തിച്ചാർജിൽ പരിക്കേറ്റു.

സിജിൻ എന്ന യുവാവിനെ പോലീസ് ക്രൂരമായി മർദിച്ചു. തങ്ങളെ എന്തിനാണു മർദിക്കുന്നതെന്ന് ചോദിച്ചപ്പോൾ മറുപടി ഉണ്ടായില്ലെന്നും ഓടെടാ എന്നു മാത്രമാണ് പറഞ്ഞതെന്നുമാണ് പരിക്കേറ്റവരുടെ മൊഴി. ഇവർ ജനറൽ ആശുപത്രിയിൽ ചികിത്സയിലാണ്.

അതേസമയം, മർദനം ആളുമാറിയാണെന്നാണു പോലീസിന്റെ അനൗദ്യോഗിക വിശദീകരണം. അബാൻ ജംഗ്ഷനിലെ ബാറിനു സമീപം അടിപിടി നടക്കുന്നുവെന്ന് സ്റ്റേഷനിൽ വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് പോലീസ് സംഘം എത്തിയതെന്നു പറയുന്നു.

കാർട്ടേഴ്സിലായിരുന്ന എസ്ഐ ജിനു സ്റ്റേഷനിൽ നിന്ന് വിളിച്ചതനുസരിച്ചാണ് പോലീസ് സംഘം എത്തിയത്. പോലീസ് സംഘം ചെന്നപ്പോൾ ഒരു യുവതിയും നാലു പുരുഷന്മാരും ചേർന്ന് ബാറിന് മുന്നിൽനിന്ന് സെൽഫി എടുക്കുന്നതാണ് കണ്ടത്. അതിനിടെ ഹെൽമറ്റ് ധരിച്ച രണ്ടുപേർ ഓടിപ്പോകുന്നതും കണ്ടു.

ബാറിന് മുന്നിൽനിന്നവർ അടിപിടി സംഘത്തിലുള്ളവരാണെന്ന് കരുതിയാണു മർദിച്ചതെന്നാണു പറയുന്നത്. സിത്താരയെ പോലീസ് മർദിക്കുന്നതു തടയാൻ ശ്രമിക്കുമ്പോഴാണ് ശ്രീജിത്തിന് മർദനമേറ്റത്. പോലീസ് സംഘത്തിൽ രണ്ടു പേരൊഴികെ എല്ലാവരും മഫ്തിയിലായിരുന്നു.

അതിക്രമത്തിനു നേതൃത്വം നൽകിയ എസ്ഐ ജിനുവിന് ഒരാഴ്ച മുൻപ് പത്തനംതിട്ട ബസ് സ്റ്റാൻഡിൽ പ്ലസ്ടു വിദ്യാർഥിയിൽനിന്ന് ക്രൂരമർദനമേറ്റിരുന്നു. സ്റ്റാൻഡിൽ ചുറ്റിത്തിരിഞ്ഞ വിദ്യാർഥിയെ തടയാൻ ശ്രമിച്ചപ്പോൾ ആക്രമിക്കുകയായിരുന്നു. പരിക്കേറ്റ എസ്ഐ ചികിത്സയ്ക്കുശേഷം കഴിഞ്ഞദിവസമാണ് ജോലിയിൽ തിരികെ പ്രവേശിച്ചത്.

